**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2777** **13-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ തരിശു പ്രദേശങ്ങളിൽ കണ്ടൽക്കാട് വച്ച് പിടിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിലെ ജനവാസം ഇല്ലാത്ത മേഖലകളിൽ കണ്ടൽക്കാട് വച്ച് പിടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ജനവാസമേഖലയല്ലാത്ത വീയപുരം, പുറക്കാട് ഗാന്ധിവനം, പള്ളിത്തോട് എന്നിവിടങ്ങളിൽ ആകെ 15000 എണ്ണം കണ്ടൽത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുവാൻ ആലോചിച്ചിട്ടുണ്ട്. |
| (ബി) | ജനജീവിതത്തെ ബാധിക്കാത്ത തരിശു പ്രദേശങ്ങളിൽ മാത്രം ഇത്തരം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | ജനജീവിതത്തെ ബാധിക്കാത്ത വിധം പുറം ബണ്ട് ബലപ്പെടുത്തുന്നതിനും മണ്ണ്- ജല സംരക്ഷണം, ആവാസവ്യവസ്ഥയുടെ സുസ്ഥിര വികസനം, പരിപാലനം മുതലായവയും ലക്ഷ്യമിട്ട് പൊതുജന പങ്കാളിത്തത്തോടെ വരും വർഷങ്ങളിൽ ടി പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ